പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഉണ്ട്. അതിക്രമങ്ങൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഫലപ്രദമായി നടപ്പാക്കിവരുന്നു. അപര്യാപ്തതകൾ കണ്ടെത്തിയിട്ടില്ല.

(സി) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമം 1989-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളാണ് നിലവിൽ അനുവദിക്കുന്നത്. (ആയതിന്റെ പകർപ്പ് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.)* അതിക്രമങ്ങൾ തടയൽ നിയമപ്രകാരം അതിക്രമത്തിനിരയായ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും ധനസഹായം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നു. കൂടാതെ പ്രസ്തുത കേസ്സുകളിൽ സാക്ഷി പറയുന്നവർക്കും അതിക്രമത്തിന് ഇരയായവർക്കും ആശ്രിതർക്കും ടി.എ./ഡി.എ. എന്നിവ അനുവദിക്കുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം

29 (*809) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുതിരവട്ടത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗിയെ മർദ്ദിച്ചു കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാതലത്തിൽ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ആശുപത്രി അധികൃതരുടെ വീഴ്ചയും സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ചിട്ടുണ്ടോ ;

(സി) മാനസികാരോഗ്യ ചികിത്സ കേന്ദ്രങ്ങളെ ആധുനീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ ആശുപത്രി സൂപ്രണ്ട്/ആർ.എം.ഒ. തലത്തിൽ അവലോകനം നടത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ കളക്ടർ എന്നിവർ നേരിട്ട് ആശുപത്രി സന്ദർശിച്ച് അവലോകനംനടത്തി മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതി ജഡ്ജിയുടേയും മനുഷ്യാവകാശ കമ്മീഷന്റെയും സന്ദർശനത്തിനുശേഷം ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിശദമായ അന്വേഷണത്തിനുവേണ്ടി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

മറ്റുമാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം അതാത് സൂപ്രണ്ടുമാരുടേയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ അവലോകനം നടത്തി വേണ്ട തുടർനടപടികൾ എടുക്കുന്നുണ്ട്.

(ബി) കതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ആഫീസിലെ റീജിയണൽ വിജിലൻസ് യൂണിറ്റ്-3 യുടെ ചാർജ്ജ് വഹിക്കുന്ന അഡീഷണൽ ജില്ലാ മെഡിക്കൽ ആഫീസർ ഡോ. സമീറ.എ., ആർ.സി.എച്ച്. ആഫീസർ, ഡോ. ആശാദേവി, ഗവ. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സുബ്രഹ്മണ്യൻ, സ്ത്രീകളുടെയും കുട്ടികളുടെയും ഗവൺമെന്റ് ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. മോഹൻദാസ് എന്നിവരടങ്ങുന്ന വിദഗ്ധ കമ്മിറ്റിയെ നിയമിക്കുകയും ഉടനടി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടനുസരിച്ച് ജീവനക്കാരും ബോധപൂർവ്വം കൃത്യവിലോപം നടത്തിയതായി കണ്ടെത്തിയിട്ടില്ല. കമ്മിറ്റി അതിന്റെ വിശദമായ റിപ്പോർട്ട് പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം സമർപ്പിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളുടെ അഭിവൃദ്ധിപ്പെടുത്തലിനും രോഗികളുടെ സംരക്ഷണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

തിരുവനന്തപുരം ഗവ. മാനസികാരോഗ്യ കേന്ദ്രം

1. കളിമുറികളോടുകൂടിയ 20 മുറികളുടെ നിർമ്മാണം ഉൾപ്പെടുന്ന പുരുഷന്മാരുടെ ഫോറൻസിക് വാർഡിന്റെ വിപുലീകരണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. മുമ്പ് ഉപയോഗിക്കാതെ കിടന്ന 5 സിംഗിൾ റൂമുകൾ നവീകരിച്ച് അവയിൽ രോഗികളെ പ്രവേശിപ്പിച്ച് വരുന്നു.

3. വിചാരണ തടവുകാർക്കായുള്ള എല്ലാ സിംഗിൾ റൂമുകളിലും ഒരു കോമൺ റൂമിലും കഴിഞ്ഞ വർഷം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

4. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം 2014 ഏപ്രിൽ മുതൽ ആരംഭിച്ചിട്ടുണ്ട്. ഒ.പി. സർവ്വീസും കൗൺസിലിംഗും ഇവിടെ നൽകിവരുന്നു.

5. കളിമുറികളിലെ വെന്റിലേഷനുകളിൽ ഇങ്ങിമരണം ആവർത്തിക്കാതിരിക്കാനായി ആയവ കൊളുകുവല സ്ഥാപിച്ച് അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ ഗവ. മാനസികാരോഗ്യ കേന്ദ്രം

ആശുപത്രി വികസന സൊസൈറ്റിയുടെ തീരുമാനപ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മോഡേൺ സൈക്യാടി വാർഡിനുവേണ്ടി ഈ വർഷത്തെ പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ അടുക്കളയ്ക്കുള്ള 90 ലക്ഷം രൂപയും ഫോറൻസിക് വാർഡിനുള്ള 126 ലക്ഷം രൂപയും ലബോറട്ടറി & എക്സ്റേ വികസനത്തിനായുള്ള 78.61 ലക്ഷം രൂപയും ആരോഗ്യവകുപ്പ്, പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കഴിഞ്ഞവർഷത്തെ പദ്ധതിയിൽ രോഗികൾക്ക് ഭക്ഷണ വിതരണത്തിനായുള്ള വാഹനം ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രം

13-6-2013-ന് ചേർന്ന മാസ്റ്റർപ്ലാൻ ത്രുപീകരണയോഗത്തിന്റെ തീരുമാന പ്രകാരം താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

1. പഴയ 2-ാം വാർഡ് പൊളിച്ചുമാറ്റി പുതിയ വാർഡ് ഉണ്ടാക്കുക.
2. ബയോകെമിസ്റ്റ് ലാബ് ആരംഭിക്കുക.
3. ജനറേറ്റർ & ഇൻവർട്ടറുകൾ വാങ്ങുക.
4. ജീവനക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുക.
5. ഡെ-കെയർ സെന്റർ ആരംഭിക്കുക.
6. ഫാമിലി തെറാപ്പി വാർഡിലെ രോഗികളുടെ കൂട്ടിരുപ്പുകാർക്ക് ഡോർമിറ്ററി നിർമ്മിക്കുക.
7. രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഓട്ടോമേറ്റഡ് ഡ്രൈവർ വാഹനം വാങ്ങുക.
8. ആധുനിക സൗകര്യങ്ങളോടും ലാൻഡ്സ്കേപ്പോടും കൂടിയ പാർക്ക് നിർമ്മിക്കുക.
9. സോളാർ പവർസ്റ്റേഷൻ നിർമ്മിക്കുക
10. ജീപ്പ് വാങ്ങുക.
11. സാമൂഹ്യനീതിവകുപ്പിന്റെ പെൻഷൻ പദ്ധതിയിൽ മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികളെയും ഉൾപ്പെടുത്തുക.
12. കൂട്ടിരുപ്പുകാരില്ലാത്ത രോഗികളെ പരിചരിക്കുകയും അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നതിനും ജീവനക്കാർ പ്രത്യേക ഇൻസെന്റീവ് ഏർപ്പെടുത്തുക.
13. രോഗം ഭേദമായിട്ടും അവകാശികൾ ഏറ്റെടുക്കാൻ തയ്യാറാകാതെ ടി ആശുപത്രിയിൽ കഴിയുന്നവർക്കായി പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുക.